LIBRARY ARCHIVES Kerala Legislative Assembly

## കാലവർഷത്തിലെ കുറവ്

167(3047) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ സംസ്ഥാനത്ത് കാലവർഷത്തിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനത്തിന്റെ കുറവാണ് വന്നിട്ടുള്ളത്; ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നടപ്പു വർഷം വേനലിന്റെ പ്രത്യാഘാതം കൂടുതലായിരിക്കുമെന്ന സൂചനകളുണ്ടോ;

(ഡി) ഇതു നേരിടുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26% കുറവ് വന്നിട്ടുണ്ട്. എന്നാൽ കാലവർഷം 26% കുറഞ്ഞെങ്കിലും തുലാവർഷത്തിൽ ലഭിക്കേണ്ട മഴ 20% കൂടുതൽ മഴ ലഭിച്ചതിനാൽ കാലവർഷത്തെ മഴയുടെ കുറവിന്റെ പ്രത്യാഘാതങ്ങൾ തീവ്രമായി ഉണ്ടാവുകയില്ല എന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി&ഡി) നടപ്പു വർഷം വേനലിന്റെ പ്രത്യാഘാതം കൂടുതലായിരിക്കുമെന്ന സൂചനയില്ല. എന്നാൽ സ.ഉ.(സാധാ)നമ്പർ 5634/2015/ഡി.എം.ഡി. തീയതി 8-10-2015 പ്രകാരം വരൾച്ച നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കായി 1 കോടി രൂപാ വീതം ജില്ല കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

## ബഡ്ജറ്റുകളിൽ റവന്യൂവകുപ്പിൽ പ്രഖ്യാപിച്ച പദ്ധതികൾ

168(3048) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റിൽ റവന്യൂ വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമാണ്; എത്ര തുക ഓരോ വർഷവും നീക്കിവച്ചു; ഇതിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) നടപ്പാക്കാതെ വന്ന പദ്ധതികൾവഴി എത്ര രൂപ ലാപ്സായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു.*

(ബി) പ്രഖ്യാപിത പദ്ധതികൾ എല്ലാം നടപ്പിലാക്കിവരുന്നു.

**വെള്ളരിക്കുണ്ട് താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

169(3049) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച താലൂക്കുകളിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെ താലൂക്കുകളിലാണെന്ന് വ്യക്തമാക്കുമോ;

(സി) വെള്ളരിക്കുണ്ട് താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് പുതുതായി അനുവദിച്ച കാട്ടാക്കട, വർക്കല, ചാലക്കുടി, ഇരിട്ടി, വെള്ളരിക്കുണ്ട് താലൂക്കുകൾക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടാമ്പി, കോന്നി താലൂക്കുകൾക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വെള്ളരിക്കുണ്ട് താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി Executive Engineer, PWD Buildings-ൽ നിന്നും 5 കോടി രൂപയ്ക്കുള്ള പ്രാഥമിക എസ്റ്റിമേറ്റും പ്ലാനും അടക്കമുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

**മുല്ലപ്പെരിയാർ ഡാമിലെ ഉയർന്ന ജലനിരപ്പ്**

170(3050) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly